**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1343** **30-08-2022 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ മുന്നേറ്റം കാത്തുസൂക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കെ ബി ഗണേഷ് കുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേരളം കൈവരിച്ച പൊതുവിദ്യാഭ്യാസ മുന്നേറ്റം കാത്തുസൂക്ഷിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | കേരളം കൈവരിച്ച പൊതുവിദ്യാഭ്യാസ മുന്നേറ്റം കാത്തുസൂക്ഷിക്കാൻ നിരവധി നടപടികൾ സ്വീകരിച്ചുവരികയാണ്.<br><br>1.കിഫ്ബി ഫണ്ട്, പ്ലാൻ ഫണ്ട്, മറ്റു ഫണ്ടുകൾ എന്നിവ പ്രയോജനപ്പെടുത്തിയും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടു കൂടിയും സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.<br><br>2.അക്കാദമിക പ്രവർത്തനങ്ങളിൽ അധ്യാപകരെ സജീവമായി പങ്കെടുപ്പിക്കുന്നതിന് വേണ്ടതരത്തിൽ ഇൻസർവ്വീസ് അധ്യാപക പരിപാടികൾ മികച്ച രീതിയിൽ സംഘടിപ്പിച്ച് വരുന്നു.<br><br>3.വിവിധ വിഷയങ്ങളിൽ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് പലതരത്തിലുള്ള പഠനപോഷണ പരിപാടികൾ നടത്തിവരുന്നു.<br><br>4.ജില്ലാതലത്തിൽ ഡയറ്റുകളുടെയും ബ്ലോക്ക് തലത്തിൽ ബി.ആർ.സി.-കളുടെയും നേതൃത്വത്തിൽ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും വേണ്ട അധ്യാപക പിന്തുണ നൽകി വരുന്നു.<br><br>5.അക്കാദമിക നിലവാരം വിലയിരുത്തുന്ന തിനും മെച്ചപ്പെടുത്തുന്നതിനും വേണ്ടി സ്കൂൾതല, ജില്ലാതല, സംസ്ഥാനതല മോണിറ്ററിംഗ് ഫലപ്രദമായി നടത്തിവരുന്നു. |
| (ബി) | ദൈനംദിന ജീവിതത്തിലെ സാമൂഹിക വെല്ലുവിളികൾ നേരിടാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനായി ഒന്നാം ക്ലാസ്സ് മുതൽ | (ബി) | ദൈനംദിന ജീവിതത്തിലെ സാമൂഹിക വെല്ലുവിളികൾ നേരിടാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനായി ഒന്നാം ക്ലാസ്സു മുതൽ |

| | | | |
|---|---|---|---|
| | മൂല്യാധിഷ്ഠിത സാമൂഹിക ശാസ്ത്ര പഠനം നിർബന്ധിതമാക്കുന്നതിന് കരിക്കുലത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | | മൂല്യാധിഷ്ഠിത സാമൂഹ്യശാസ്ത്ര പഠനം നിർബന്ധിതമാക്കുന്നതിന് കരിക്കുലത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഭരണഘടനാ മൂല്യങ്ങളിൽ അധിഷ്ഠിതമായ വിദ്യാഭ്യാസത്തിന് മുന്തിയ പരിഗണന നൽകും. സോഷ്യൽ സയൻസ് വിഷയവുമായി ബന്ധപ്പെട്ട ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിൽ ഇക്കാര്യം ഗൗരവപൂർവ്വം പരിഗണിക്കുന്നതാണ്. |
| (സി) | സാമൂഹിക ശാസ്ത്ര പഠനത്തിൽ ദൈനംദിന ജീവിത സാഹചര്യങ്ങളെ നേരിടുന്നതിനും മൂല്യാധിഷ്ഠിതമായ വിദ്യാഭ്യാസം നൽകുന്നതിനും ഉതകും വിധം പാഠ്യപദ്ധതിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ നടപടികൾ സ്വീകരിക്കുമോ? | (സി) | സാമൂഹികശാസ്ത്ര പഠനത്തിൽ ദൈനംദിന ജീവിത സാഹചര്യങ്ങളെ നേരിടുന്നതിനും മൂല്യാധിഷ്ഠിതമായ വിദ്യാഭ്യാസം നൽകുന്നതിനും ഉതകും വിധം പാഠ്യപദ്ധതിയിൽ ആവശ്യമായ മാറ്റം വരുത്താൻ നടപടി സ്വീകരിക്കും. നിത്യജീവിത സന്ദർഭങ്ങളുമായി പൊരുത്തപ്പെടുന്ന വിധത്തിൽ സാമൂഹ്യശാസ്ത്ര പഠനത്തെ എങ്ങനെ മാറ്റിയെടുക്കാം എന്നതിനെ കുറിച്ചുള്ള വിശദമായ ചർച്ചകൾ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ